**പതിനാലാം കേരള നിയമസഭ**

**<u>ഒന്നാം സമ്മേളനം</u>**

**29.06.2016 - ൽ മറുപടിക്ക്.**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 329**

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള വ്യവസായ വകുപ്പ് പദ്ധതികൾ

| ചോദ്യം<br>ശ്രീ. കെ. രാജൻ. | | **മറുപടി**<br>**ശ്രീ. ഇ. പി. ജയരാജൻ**<br>**(വ്യവസായവും കായികവും വകുപ്പ് മന്ത്രി).** |
|---|---|---|
| (എ) പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവർക്ക് മാത്രമായി വ്യവസായ വകുപ്പ് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) : | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വ്യവസായ വികസന ഏരിയാ/പ്ലോട്ടുകളിൽ പട്ടികജാതിപ്പെട്ട സംരംഭകർക്കായി വ്യവസായം ആരംഭിക്കുന്നതിനായി ഷെഡ്ഡുകൾ പണിത് നൽകുന്നു. കൈത്തറി മേഖലയിൽ പട്ടികജാതി സഹകരണ സംഘങ്ങളിലെ അംഗങ്ങളുടെ ഓഹരി പങ്കാളിത്തത്തിന് ആനുപാതികമായ സർക്കാർ ഓഹരി പങ്കാളിത്തം 5 ഇരട്ടിയാണ്. ഒരു സംഘത്തിന് വർഷം പരമാവധി 5 ലക്ഷം രൂപയുടെ ഓഹരി പങ്കാളിത്തം നൽകുന്നു. പാലക്കാട് ജില്ലയിലെ ചിതലിയിൽ പട്ടികജാതിയിൽ പ്പെട്ട വനിതകൾക്ക് സിൽക്ക് നെയ്ത്തിൽ പരിശീലനം നൽകി തൊഴിൽ നൽകുന്ന ഒരു പദ്ധതി നിലവിലുണ്ട്. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി, എന്റെ ഗ്രാമം എന്നീ പദ്ധതികളിൽ അധിക സബ്സിഡി അനുവദിക്കുന്നു. |
| (ബി) പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവരുടെ വ്യാവസായികാഭി രുചി വികസിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ പദ്ധതികൾ നടപ്പിലാക്കുമോ ? | (ബി) : | പുതിയ പദ്ധതികൾ ആരംഭിക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

ജക/27/06